(എ) സ്വകാര്യ വ്യക്തികൾ ബോംബും മറ്റ് മാരകായുധങ്ങളും നിർമ്മിക്കുന്നത് കുറ്റകരമാണോ;

(ബി) പാനൂർ, തലശ്ശേരി, കൂത്തുപറമ്പ് പ്രദേശത്ത് പ്രത്യേകമായും കണ്ണൂർ ജില്ലയിൽ പൊതുവായും കണ്ണൂർ ജില്ലയിലെ സമാധാന ശ്രമം ആരംഭിച്ചതിനുശേഷം ഏതെല്ലാം സ്ഥലത്തു നിന്ന് ബോംബോ അതു നിർമ്മിക്കുന്നതിനുള്ള സാമഗ്രികളോ മറ്റു മാരകായുധങ്ങളോ കണ്ടെടുത്തിട്ടുണ്ട്;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) ഈ കേസുകളുമായി ബന്ധപ്പെട്ട് ആരെയെല്ലാം അറസ്റ്റു ചെയ്തിട്ടുണ്ട്;

(ഇ) ആരെയും അറസ്റ്റ് ചെയ്യാത്ത പക്ഷം അതിനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കുറ്റകരമാണ്.

(ബി)&(സി) ഇതു സംബന്ധിച്ച് 54 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.†

(ഡി)&(ഇ) ഈ കേസുമായി ബന്ധപ്പെട്ടു രണ്ടു പേരെ അറസ്റ്റു ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ അറസ്റ്റു ചെയ്തിട്ടില്ല.

അനൗൺസ്മെന്റ് നടത്തുന്നതിന് അനുമതി നൽകിയ നടപടി

85(1568) ശ്രീ. എഴുകോൺ നാരായണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫെബ്രുവരി ഒന്നിന് കൊല്ലം എസ്.എൻ കോളേജിൽ സംഘർഷം ഉണ്ടായിരുന്നോ;

(ബി) അതേ ദിവസം വൈകിട്ട് കോളേജ് പരിസരത്ത് ആളുകൾ കൂടുന്നതിനുവേണ്ടി ഉച്ചഭാഷിണി ഘടിപ്പിച്ച വാഹനങ്ങളിൽ നഗരത്തിൽ അനൗൺസ്മെന്റ് നടത്തിയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വാഹനങ്ങളിൽ മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിന് നിയമാനുസൃതം അനുമതി നൽകിയിരുന്നുവോ;

(ഡി) നൽകിയെങ്കിൽ ഏതു ഉദ്യോഗസ്ഥനാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; എത്ര വാഹനങ്ങൾക്ക് അനുമതി നൽകിയിരുന്നു;

(ഇ) അനുമതി നൽകിയിരുന്നില്ലെങ്കിൽ ഈ വാഹനങ്ങൾ പിടിച്ചെടുക്കുകയുണ്ടായോ; എങ്കിൽ എത്ര വാഹനങ്ങൾ പിടിച്ചെടുത്തു;

(എഫ്) ഇത്തരത്തിൽ നിയമലംഘനം നടത്തിയതിന് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ജി) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി)-(ജി) വിവരം ശേഖരിച്ചു വരുന്നു.

ബാലറ്റു പേപ്പർ ഉയർത്തിക്കാട്ടിയ സംഭവം

86(1569) ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കണ്ണൂർ ലോകസഭാ മണ്ഡലത്തിൽ അഴിക്കോട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട കല്യാശ്ശേരി മോഡൽ പോളിടെക്നിക്കിലെ അറുപത്തിയേഴാം നമ്പർ ബൂത്തിൽ വോട്ട് ചെയ്ത മുഖ്യമന്ത്രി ബാലറ്റ് പേപ്പർ ഉയർത്തിപ്പിടിക്കുന്ന പടം പ്രസിദ്ധീകരിച്ച മലയാളമനോരമ പത്രത്തിനെതിരെ മുഖ്യമന്ത്രി പ്രസ് കൗൺസിലിന് പരാതി നൽകിയിരുന്നുവോ?

(ബി) എങ്കിൽ പ്രസ്തുത പരാതിയിൻമേൽ എന്തെല്ലാം കാര്യങ്ങളാണ് ഉന്നയിച്ചിരുന്നത്;

(സി) ഈ പരാതിയിൻമേൽ പ്രസ് കൗൺസിലിന്റെ തീരുമാനം എന്തായിരുന്നു;

(ഡി) ഈ തീരുമാനങ്ങളിൽ എത്തിച്ചേരുവാൻ പ്രസ് കൗൺസിൽ നിരത്തിയ ന്യായങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) ബാലറ്റ് പ്രദർശനം സംബന്ധിച്ച വിവാദത്തിനിടെ മുഖ്യമന്ത്രി നിലപാടുമാറ്റിയതിനെ സംബന്ധിച്ച് പ്രസ് കൗൺസിൽ തീരുമാനത്തിലെ പരാമർശം എന്തായിരുന്നു;

(എഫ്)മുഖ്യമന്ത്രിക്കുവേണ്ടി ഈ കേസ് പ്രസ് കൗൺസിൽ മുൻപാകെ വാദിച്ചവർ ആരെല്ലാമാണ്;

(ജി) അവർക്ക് ഫീസിനത്തിലും മറ്റിനങ്ങളിലുമായി എന്തു തുക ഗവൺമെന്റിന് ചെലവായി എന്നറിയിക്കുമോ?

ഉത്തരം

(എ)-(ജി) മുഖ്യമന്ത്രി ഇ.കെ. നായനാർ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്തത് സംബന്ധിച്ച് മലയാള മനോരമ പത്രത്തിൽ തെറ്റായ ചില വാർത്തകൾ വന്നിരുന്നു. ഇതിനെതിരായി വ്യക്തിപരമായി ഇ.കെ. നായനാർ പ്രസ് കൗൺസിലിന് പരാതി കൊടുത്തിരുന്നു. ഇക്കാര്യത്തിൽ സർക്കാരിന് ചെലവുകൾ ഒന്നും ഉണ്ടായിട്ടില്ല.

വ്യാപാര സ്ഥാപനങ്ങൾക്ക് നഷ്ടപരിഹാരം

87 (1570)ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂരിലെ അക്രമ സംഭവവുമായി ബന്ധപ്പെട്ട് വ്യാപാര സ്ഥാപനങ്ങൾക്ക് നേരെ നടന്ന ആക്രമണത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര രൂപ വീതമാണ് നഷ്ടപരിഹാരം അനുവദിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly